**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4412** **06-03-2023 - ൽ മറുപടിയ്ക്ക്**

**കെ-സ്വിഫ്റ്റ് പോർട്ടലിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന്റെ കെ-സ്വിഫ്റ്റ് പോർട്ടലിന്റെ പ്രവർത്തനം വിശദമാക്കാമോ; | (എ) | വ്യവസായ സംരംഭങ്ങൾക്ക് വേണ്ട അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സഹായിക്കുന്ന ഓൺലൈൻ ഏകജാലക സംവിധാനമാണ് കെ-സ്വിഫ്റ്റ്. ഇത് 2019 ഫെബ്രുവരിയിൽ നിലവിൽ വന്നു. നിലവിൽ 21 വിവിധ വകുപ്പുകളുടെ 85-ഓളം സേവനങ്ങളും അനുമതികളും ഈ സംവിധാനം വഴി സംരംഭകന് ലഭ്യമാകും. പുതിയ സംരംഭങ്ങൾക്ക് അനുമതി നൽകുന്നതോടൊപ്പം തന്നെ നിലവിലുള്ള വ്യവസായങ്ങളുടെ അനുമതികൾ പുതുക്കിനൽകുന്നതിനും കെ-സ്വിഫ്റ്റ് സജ്ജമാണ്. പൂർണ്ണനിലക്ക് സമർപ്പിച്ച അപേക്ഷകളിന്മേൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ 30 ദിവസത്തിനുള്ളിൽ തീർപ്പുകൽപ്പിക്കുന്നതിന് കെ-സ്വിഫ്റ്റിൽ സംവിധാനം ഒരുക്കിയിട്ടുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അപ്രകാരം നടപടി എടുത്തില്ലെങ്കിൽ കൽപ്പിത അനുമതി നൽകുന്നതിനും ഉതകുന്ന തരത്തിലാണ് ഈ സംവിധാനം രൂപകൽപ്പന ചെയ്തിട്ടുള്ളത്. കൂടാതെ കെ.എസ്.ഐ.ഡി.സി, കിൻഫ്ര തുടങ്ങിയ ഏജൻസികളുടെ വ്യാവസായിക ഭൂമി അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കൽ, തൊഴിൽനികുതി ഒടുക്കുന്നതിനുള്ള സൗകര്യം എന്നിവ കെസ്വിഫ്റ്റിൽ ഒരുക്കിയിട്ടുണ്ട്.<br><br>നാളിതുവരെ 56,936 സംരംഭകർ കെ-സ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 5,043 അനുമതി അപേക്ഷകൾ കെ-സ്വിഫ്റ്റിലൂടെ ഇതുവരെ പ്രോസസ്സ് ചെയ്തിട്ടുണ്ട്. |
| (ബി) | എം. എസ്. എം. ഇ. സ്ഥാപനങ്ങൾ കെ- സ്വിഫ്റ്റ് പോർട്ടലിൽ രജിസ്റ്റർ ചെയ്യണം എന്ന് നിഷ്കർഷിക്കുന്നുണ്ടോ; | (ബി) | ഇല്ല. |

| | | | |
|---|---|---|---|
| (സി) | എം.എസ്.എം.ഇ. സ്ഥാപനങ്ങളുടെ രജിസ്ട്രേഷനായി കെ-സ്വിഫ്റ്റ് പോർട്ടൽ നിലവിലിരിക്കെ ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി മറ്റൊരു പോർട്ടൽ തയ്യാറാക്കി വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ സാഹചര്യം വിശദമാക്കാമോ? | (സി) | കെ-സ്വിഫ്റ്റ് പോർട്ടലിൽ പുതുതായി ആരംഭിക്കുന്ന മുഴുവൻ എം.എസ്.എം.ഇ സംരംഭകരുടേയും വിവരങ്ങൾ ശേഖരിക്കുന്നില്ല. ആയതിനാൽ ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നതിനുമായാണ് ഒരു ഓൺലൈൻ പോർട്ടൽ (www.yearofenterprises.kerala.gov.in) ആരംഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ